Sunday
Vol. 14 No. 04 CYCLE - C
വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ
2024 ഡിസംബർ 22

## ആഗമനകാലം : നാലാം ഞായർ

# ദൈവാത്മാവിനാൽ നിറഞ്ഞ കണ്ടുമുട്ടലുകൾ

ഫാ. ഷാജൻ ജോസഫ് കുന്നുങ്കൽത്തറ PMI



അനുദിന ജീവിതത്തിൽ നാം പലരെയും കണ്ടുമുട്ടാറുണ്ട്. എന്നാൽ ഈ കണ്ടുമുട്ടലുകൾ ദൈവാത്മാവിന്റെ പ്രേരണയായാലും, നിറവിനാലും സംഭവിക്കുന്നതാണെങ്കിൽ ആ കണ്ടുമുട്ടലുകൾ അനുഗ്രഹം നിറഞ്ഞ അഭിഷേകത്തിന്റെ കണ്ടുമുട്ടലുകളായിരിക്കും. എല്ലാ മനുഷ്യർക്കും രണ്ട് അമ്മമാർ ഉണ്ട്. ആദ്യത്തേത് ജന്മം നൽകിയ അമ്മ. രക്തബന്ധം നൽകുന്ന മാതൃത്വം മക്കളുടെ എല്ലാ കാര്യങ്ങളിലും ശ്രദ്ധ ചെലുത്തുന്നതാണെങ്കിലും ആ ശ്രദ്ധയ്ക്കും പരിപാലനത്തിനും ചില പരിമിതികളുണ്ട്. എല്ലാ കാര്യങ്ങളിലും അമ്മയ്ക്ക് മക്കളെ സഹായിക്കാൻ കഴിഞ്ഞെന്ന് വരില്ല. എന്നാൽ രണ്ടാമത്തെ അമ്മയായ പരിശുദ്ധ കന്യകാമറിയം, രക്ഷകനായ യേശുവിനെ നൽകിയ അമ്മ മറിയമാണ്. ഈ അമ്മ ഏതൊരു പ്രതിസന്ധികൾക്കിടയിലും അളവുകളോ, പരിമിതികളോ കൂടാതെ എല്ലാവരെയും ഒരു പോലെ സഹായിക്കുന്ന, സംരക്ഷിക്കുന്ന വളരെ ശ്രദ്ധാലുവായ അമ്മയാണ്. ദൈവം നമുക്ക് നൽകിയ സമ്മാനമാണവൾ. കാരണം അതുല്യമായ ചില പ്രത്യേകതകൾ പരിശുദ്ധ കന്യകാമറിയത്തിൽ ദർശിക്കാൻ കഴിയും.

**1. പരിശുദ്ധാത്മാവിന്റെ വാത്സല്യം നിറഞ്ഞ മറിയം:**
പരിശുദ്ധാത്മാവിന്റെ വാത്സല്യം ജീവിതത്തിലുടനീളം അനുഭവിച്ച ഭാഗ്യവതിയാണ് പരിശുദ്ധ മറിയം. പരിശുദ്ധാത്മാവ് മുഖേന ഗർഭം ധരിച്ച കന്യകയുടെ പേരാണ് മറിയം. അതിനാൽ തന്നെ പരിശുദ്ധാത്മാവിന്റെ നിറവാണ് പരിശുദ്ധ മറിയം. സഹായമർഹിക്കുന്നവരുടെ ദയനീയ ഭാവം കണ്ട് സഹായം എത്തിക്കുന്ന ദൈവസാന്നിധ്യത്തിന്റെ പേരാണ് മറിയം. ദുരിതമനുഭവിക്കുന്നവരുടെ നൊമ്പരം കണ്ട് ക്രിസ്തുവുമൊത്ത് അവരെ സന്ദർശിക്കുന്ന അമ്മയാണ് മറിയം. പരിശുദ്ധാത്മാവിന്റെ നിറവ് പകർന്നു തരുന്ന അമ്മയാണ് മറിയം.

**2. വിവേകവതിയായ കന്യക മറിയം:**
പരിശുദ്ധാത്മാവിന്റെ ദാനങ്ങളിൽ ഒന്നാണ് വിവേകം (ഏശയ്യാ 11/2). പരിശുദ്ധ മറിയം വിവേകവതി എന്ന് അറിയപ്പെടുന്നു. കാരണം ഉചിതമായ തീരുമാനങ്ങൾ എടുക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന അമ്മയുടെ പേരാണ് മറിയം. തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ സഹായിക്കണമെന്ന ഒരു കാര്യത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ ലോകം മുഴുവൻ സേവനരംഗമാക്കി മാറ്റുവാൻ, വിവേകപൂർവ്വം തീരുമാനങ്ങൾ എടുക്കുവാൻ, പരിശുദ്ധാത്മാവിന്റെ സഹായം അന്വേഷിക്കുവാൻ എന്നിങ്ങനെ നിർണായക തീരുമാനങ്ങൾ എടുക്കുവാൻ നമ്മെ സഹായിക്കുന്ന ഒരു വലിയ സാന്നിദ്ധ്യമാണ് പരിശുദ്ധ അമ്മ.

**3. ബോധജ്ഞാനത്തിന്റെ സിംഹാസനമായ മറിയം:**
യഥാർത്ഥ ജ്ഞാനമെന്നാൽ ദൈവത്തെക്കുറിച്ചുള്ള അറിവാണ്. ദൈവം ചിന്തിക്കുന്നതു പോലെയുള്ള ചിന്തകളാണത്. ദൈവിക തീരുമാനങ്ങളെയും, ദൈവഹിതത്തെയും കണ്ടെത്തുവാൻ സഹായിക്കുന്ന കഴിവിനെ ബോധജ്ഞാനം എന്ന് പറയാം. മറിയത്തെ ബോധജ്ഞാനത്തിന്റെ സിംഹാസനമായാണ് സഭ പരിചയപ്പെടുത്തുന്നത്. “എന്റെ കർത്താവിന്റെ അമ്മ” എന്ന് മറിയത്തെ അഭിസംബോധന ചെയ്യാൻ എലിസബത്തിനെ പ്രേരിപ്പിക്കുന്നത് ഈ ജ്ഞാനമാണ്. കർത്താവ് ചെയ്ത കാര്യങ്ങൾ വിശ്വസിക്കുന്നവരുടെ പേരാണ് ജ്ഞാനികൾ. ദൈവവചനം പരിചയപ്പെടുത്തുന്ന ജ്ഞാനം സ്വന്തമാക്കുകയും, സ്വന്തമാക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ അമ്മയാണ് പരിശുദ്ധ കന്യകാമറിയം.

നമ്മുടെ കണ്ടുമുട്ടലുകൾ പരിശുദ്ധാത്മാവിനാൽ പ്രേരിതമാണെങ്കിൽ, വിവേകത്താൽ സംരക്ഷിതമാണെങ്കിൽ, ബോധജ്ഞാനത്താൽ കൃത്യതയാർന്നതാണെങ്കിൽ, ആ കണ്ടുമുട്ടലുകൾ തീർച്ചയായും അഭിഷേകം നിറഞ്ഞതായിരിക്കും. അതിന് വലിയ മാതൃകയും സഹായവും പരിശുദ്ധ അമ്മ തന്നെ. ആത്മാവിന്റെ പ്രേരണയാണ് എല്ലാ കാര്യങ്ങളും പരിപൂർണ്ണമാക്കപ്പെടാൻ ഇടയാക്കുന്നത്. അതിനാൽ തന്നെ അത്യുന്നതന്റെ ആത്മാവിനാൽ നമ്മെ സഹായിക്കുന്ന പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടിക്കൊണ്ടുള്ള എല്ലാ കാര്യങ്ങളും, പ്രവർത്തന മേഖലകളും, അധ്വാനങ്ങളും, പരിശ്രമങ്ങളും തീർച്ചയായും വിജയപ്രദമായിരിക്കും. ഇത്തരത്തിൽ നമ്മുടെ ജീവിതത്തിലും ദൈവാത്മാവിനാൽ നിറഞ്ഞ കണ്ടുമുട്ടലുകൾ സംഭവിക്കട്ടെ. അതിന് ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ.

## ആമുഖം

പ്രിയമുള്ളവരെ, ആഗമനകാലത്തിലെ അവസാന ആഴ്ചയിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ഇന്നത്തെ വായനകളിലൂടെ രക്ഷകൻ എവിടെ നിന്നു വരുന്നു? അവന്റെ പ്രത്യേകത എന്ത്? അവനെ സ്വന്തമാക്കുന്നതിലൂടെ നമുക്കുണ്ടാകേണ്ട മാറ്റങ്ങൾ എന്തെല്ലാം? എന്നൊക്കെ പരിശുദ്ധാത്മാവ് നമുക്ക് വ്യക്തമാക്കിത്തരുന്നു. യുഗങ്ങൾക്ക് മുമ്പ് മിക്കാ പ്രവാചകൻ പ്രവചിച്ചതാണ് ബേത്ലെഹെമിലെ കാലിത്തൊഴുത്തിൽ പൂർത്തീകരിക്കപ്പെട്ടത്. അതിനായി ദൈവം തെരഞ്ഞെടുത്തതോ സാധാരണക്കാരിൽ സാധാരണക്കാരിയായ മറിയത്തെയും. താൻ യേശുവിന്റെ അമ്മയാകാൻ പോകുന്നുവെന്നറിഞ്ഞ നിമിഷം തന്നെ തന്റെ ചാർച്ചക്കാരിക്ക് തന്റെ സാന്നിദ്ധ്യം ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ്, അവിടെ ഓടിയെത്തുന്നു. മറിയത്തിന്റെ സ്വരം ശ്രവിച്ച മാത്രയിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ എലിസബത്ത് പ്രവചിച്ചു: "എന്റെ കർത്താവിന്റെ അമ്മ എന്റെയടുക്കൽ വരാനുള്ള യോഗ്യത എനിക്ക് എവിടെ നിന്ന്? " പരിശുദ്ധ അമ്മയെപ്പോലെ നമ്മുടെ സാന്നിദ്ധ്യവും മറ്റുള്ളവർക്ക് അനുഗ്രഹമായി മാറാനുള്ള കൃപാവരത്തിനായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### മിക്കാ പ്രവാചകന്റെ പുസ്തകത്തിൽനിന്ന് (5 : 2 - 5a)

*(ഇസ്രായേലിനെ ഭരിക്കേണ്ടവൻ നിന്നിൽനിന്നു പുറപ്പെടും)*

കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: ബേത്ലെഹെം- എഫ്രാത്താ, യൂദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽനിന്നു പുറപ്പെടും; അവൻ പണ്ടേ, യുഗങ്ങൾക്കുമുൻപേ, ഉള്ളവനാണ്. അതിനാൽ, ഈറ്റു നോവെടുത്തവൾ പ്രസവിക്കുന്നതുവരെ അവൻ അവരെ പരിത്യജിക്കും. പിന്നീട്, അവൻെറ സഹോദരരിൽ അവശേഷിക്കുന്നവർ ഇസ്രായേൽ ജനത്തിലേക്കു മടങ്ങിവരും. കർത്താവിൻെറ ശക്തിയോടെ തൻെറ ദൈവമായ കർത്താവിൻെറ മഹത്വത്തോടെ, അവൻ വന്ന് തൻെറ ആടുകളെ മേയ്ക്കും. ഭൂമിയുടെ അതിർത്തിയോളം അവൻ പ്രതാപവാനാകയാൽ അവർ സുരക്ഷിതരായി വസിക്കും. അവൻ നമ്മുടെ സമാധാനമായിരിക്കും.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (80: 1ac + 2b, 14-15, 17-18)

**ദൈവമേ,
ഞങ്ങളെ പുനരുദ്ധരിക്കണമേ!
അങ്ങയുടെ മുഖം പ്രകാശിക്കുകയും
ഞങ്ങൾ രക്ഷപെടുകയും ചെയ്യട്ടെ!**

ഇസ്രായേലിൻെറ ഇടയനേ, ആട്ടിൻകൂട്ടത്തെപ്പോലെ ജോസഫിനെ നയിക്കുന്നവനേ, ചെവിക്കൊള്ളണമേ! കെരൂബുകളിൻമേൽ വസിക്കുന്നവനേ, പ്രകാശിക്കണമേ! ഉണർന്ന ശക്തിയോടെ ഞങ്ങളെ രക്ഷിക്കാൻ വരണമേ!

**ദൈവമേ, ഞങ്ങളെ .....**

സൈന്യങ്ങളുടെ ദൈവമേ, ഞങ്ങളിലേക്കു തിരിയണമേ! സ്വർഗത്തിൽനിന്നു നോക്കിക്കാണണമേ! ഈ മുന്തിരിവള്ളിയെ, അങ്ങയുടെ വലത്തുകൈ നട്ട ഈ മുന്തിരിവള്ളിയെ, പരിഗണിക്കണമേ!

**ദൈവമേ, ഞങ്ങളെ .....**

അങ്ങയുടെ കരം അങ്ങയുടെ വലത്തുവശത്തു നിർത്തിയിരിക്കുന്നവൻെറ മേൽ- അങ്ങേക്കു ശുശ്രൂഷ ചെയ്യാൻ ശക്തനാക്കിയ മനുഷ്യപുത്രൻെറമേൽ - ഉണ്ടായിരിക്കട്ടെ. അപ്പോൾ ഞങ്ങൾ അങ്ങിൽനിന്ന് ഒരിക്കലും പിന്തിരിയുകയില്ല; ഞങ്ങൾക്കു ജീവൻ നൽകണമേ! ഞങ്ങൾ അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കും.

**ദൈവമേ, ഞങ്ങളെ .....**

## രണ്ടാം വായന

### ഹെബ്രായർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (10 : 5 - 10)

*(അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു)*

സഹോദരരേ, ഈശോമിശിഹാ ലോകത്തിലേക്കു പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു: ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ, അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു; ദഹനബലികളിലും പാപപരിഹാരബലികളിലും അവിടുന്നു സംപ്രീതനായില്ല. അപ്പോൾ, പുസ്തകത്തിൻെറ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു: ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു. നിയമപ്രകാരം അർപ്പിക്കപ്പെട്ടിരുന്ന ബലികളും കാഴ്ചകളും ദഹനബലികളും പാപപരിഹാരബലികളും അവിടുന്ന് ആഗ്രഹിക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്തില്ല എന്നു പറഞ്ഞപ്പോൾത്തന്നെ ഇങ്ങനെ കൂട്ടിച്ചേർത്തു: അവിടുത്തെ ഹിതം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു. രണ്ടാമത്തേതു സ്ഥാപിക്കാ

നായി ഒന്നാമത്തേത് അവൻ നീക്കിക്കളയുന്നു. ആ ഹിതമനുസരിച്ച് യേശുക്രിസ്തുവിൻെറ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Lk. 1 : 38) ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! - അല്ലേലൂയാ!

## സുവിശേഷം

### ലൂക്കായുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (1: 39 - 45)

*(എന്റെ കർത്താവിന്റെ അമ്മ എന്നെ സന്ദർശിക്കാൻ എനിക്കെങ്ങനെ യോഗ്യതയുണ്ടായി?)*

ആ ദിവസങ്ങളിൽ, മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽ യാത്ര പുറപ്പെട്ടു. അവൾ സഖറിയായുടെ വീട്ടിൽ പ്രവേശിച്ച് എലിസബത്തിനെ അഭിവാദനം ചെയ്തു. മറിയത്തിൻെറ അഭിവാദനം കേട്ടപ്പോൾ എലിസബത്തിൻെറ ഉദരത്തിൽ ശിശു കുതിച്ചു ചാടി. എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി. അവൾ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിൻെറ ഉദരഫലവും അനുഗൃഹീതം. എൻെറ കർത്താവിൻെറ അമ്മ എൻെറ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ, നിൻെറ അഭിവാദനസ്വരം എൻെറ ചെവികളിൽ പതിച്ചപ്പോൾ ശിശു എൻെറ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് ഉറച്ചു വിശ്വസിച്ച പരിശുദ്ധ അമ്മയെപ്പോലെ നമുക്കും നമ്മുടെ പ്രാർത്ഥനകളും, യാചനകളും, നമ്മെ തന്നെയും പരമ പിതാവിന്റെ മുമ്പിൽ സമർപ്പിക്കാം.

1. സ്നേഹ പിതാവായ ദൈവമേ, തിരുസഭയെ വിശുദ്ധീകരിക്കുവാനും, നവീകരിക്കുവാനുമായി അങ്ങ് തെരഞ്ഞെടുത്ത പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ അജപാലകരെയും അങ്ങെ അരൂപിയാൽ നിറയ്ക്കണമെ. അങ്ങെ തിരുഹിതത്തിനൊത്തവിധം സഭയെ നയിക്കുവാൻ ഇവരെ പ്രാപ്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. അനന്ത കൃപാസാഗരമായ ദൈവമേ, ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ എന്നരുൾചെയ്ത് ആത്മസമർപ്പണം നടത്തിയ പരിശുദ്ധ അമ്മയുടെ മാതൃക പിന്തുടർന്ന് ഞങ്ങളും മറ്റുള്ളവരുടെ നന്മയ്ക്കും രക്ഷയ്ക്കും വേണ്ടി സമർപ്പിതരും, അങ്ങയുടെ ഇഷ്ടത്തിന് കീഴ്പ്പെട്ട് ജീവിക്കുന്നവരുമാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. കൃപാനിധിയായ ദൈവമേ, ആഗമനകാലത്തിലെ അവസാന ആഴ്ചയിലേയ്ക്ക് പ്രവേശിക്കുന്ന ഈ വേളയിൽ ഞങ്ങളെ ഓരോരുത്തരെയും സമർപ്പിക്കുന്നു. അനുദിനം വിശുദ്ധിയിലും, സ്നേഹത്തിലും അധിഷ്ഠിതമായ ഒരു ജീവിതം നയിച്ചുകൊണ്ട്, ഒരുക്കമുള്ള ഹൃദയത്തിൽ ഉണ്ണിയേശുവിനെ സ്വീകരിക്കാൻ വേണ്ട യോഗ്യത ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. അനന്ത സ്നേഹമായ ദൈവമേ, അനാഥത്വത്തിന്റെയും, ഒറ്റപ്പെടലിന്റെയും ദുഃഖം പേറുന്ന എല്ലാ കുഞ്ഞുമക്കളെയും, വൃദ്ധമാതാപിതാക്കളെയും സമർപ്പിക്കുന്നു. എന്റെ സ്നേഹം സഹജന്റെ അവകാശമാണെന്ന ബോധ്യം ഞങ്ങൾക്ക് നൽകിക്കൊണ്ട് അങ്ങെ അനന്ത സ്നേഹത്തിന്റെ ഉപകരണങ്ങളാക്കി ഞങ്ങളെയും മാറ്റണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. കാരുണ്യവാനായ ദൈവമേ, മരണത്തെ ജയിച്ച്, ഉത്ഥിതനായ ക്രിസ്തുവിന്റെ മഹത്വത്തിലേക്ക് മരണമടഞ്ഞ ഓരോ ആത്മാക്കളെയും ചേർത്തണയ്ക്കുവാൻ കനിവുണ്ടാകണമെ. അവർ ഈ ഭൂമിയിലായിരുന്നപ്പോൾ വന്നുപോയ എല്ലാ വീഴ്ചകൾക്കും മാപ്പു നൽകി, സ്വർഗ്ഗീയാനന്ദം അനുഭവിക്കാൻ അവരെ യോഗ്യരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : സ്നേഹ പിതാവേ, പുണ്യങ്ങളാൽ അലങ്കൃതമായ വെണ്മ നിറഞ്ഞ ഹൃദയത്തിൽ ഉണ്ണിയേശുവിനെ സ്വീകരിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. അങ്ങെ പ്രിയ മക്കൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥനകൾ കനിവാർന്ന് കൈക്കൊള്ളണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : **സി. മേരി ഷീല O. H. F. S.**

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: **സി. ഹെലീന ആൽബി A. S. A.**

### പ്രവേശന ഗാനം

കത്തിച്ച ദീപവും കൈകളിലേന്തി
കാത്തിരിക്കുന്നു ഞാൻ
കർത്താവേ നീ വരുമോ
വേഗം നീ വരുമോ (കത്തിച്ച ദീപവും......)

കരളിന്റെ മണിയറയ്ക്കുള്ളിൽ നിനക്കൊരു
മലർമഞ്ചവും ഒരുക്കി (2)
എരിയുന്ന സ്നേഹമാം കുന്തിരിക്കത്തിന്റെ
പരിമളവും പരത്തി (കത്തിച്ച ദീപവും......)

ഇരുളിന്റെ പാതയിൽ ചൊരിയുന്ന മാരിയിൽ
മാരുതനാഞ്ഞടിച്ചിടുമ്പോൾ (2)
ഈ ദീപനാളം അണയാതിരിക്കുവാൻ
നീ തന്നെ കാത്തരുളേണമേ (2) (കത്തിച്ച ദീപവും......)

### കാഴ്ചവയ്പ് ഗാനം

നീ സ്വീകരിക്കണമേ
ഉപഹാരമെൻ കരുണാമയനേ (2)
നീ സ്വീകരിക്കണമേ

തവ സ്നേഹമെൻ മനം നിറയാൻ
സദാ കൃപാ വരം പൊഴിയാൻ (2)
ഈ കാഴ്ച്ച സദയം സ്വീകരിക്കൂ
തവ പ്രീതിയാൽ പരനേ (2)
(നീ സ്വീകരിക്കണമെ.......)

വരമാരി നീ സദാ ചൊരിയൂ
മഹേശ്വരാ ദയാപരനേ (2)
നിൻ വാഴ്ച്ച സതതം വന്നിടുവാൻ
മഹിയെന്നുമേ പ്രഭുവേ (2)
(നീ സ്വീകരിക്കണമെ.......)

### ദിവ്യകാരുണ്യ ഗാനം

സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ വന്ന
നിത്യജീവന്റെ അപ്പമേ (2)
നിത്യവും എന്റെ കൂടെ വാഴുവാൻ
എത്തേണേ തിരുവോസ്തിയായ് (2)
എത്തേണേ തിരുവോസ്തിയായ്

വാ വാ രാജാധിരാജനേ
വാ വാ നീ ആത്മരൂപനേ
നീ വരൂ വന്നു വാണീടൂ എന്റെ
ആത്മാവിൽ സ്നേഹരാജനായ് (2)

ദൈവമായിരുന്നിട്ടും ദൈവത്തിൻ
പ്രഭാവം കൈവെടിഞ്ഞു നീ
മാനവർക്കായി ഭൂവിൽ വന്നു
പിറന്നു മാനവനായി നീ (2) (വാ വാ രാജാ.....)

പാപികൾക്കു വിമോചനം നൽകാൻ
ആഗതമായ സ്നേഹമേ
നിൻ ശരീരവും രക്തവും നൽകി
മോചനം വീണ്ടെടുത്തു നീ (2)
(സ്വർഗ്ഗത്തിൽ.....)

| Dec | വിശുദ്ധർ | വായനകൾ |
|---|---|---|
| 23 Mon | St. John of Kanty | Mal 3: 1-4. 23-24/ Ps 25: 4-5ab. 8-9. 10 and 14/ Lk 1: 57-66 |
| 24 Tue | St. Adele | 2 Sam 7: 1-5. 8b-12. 14a. 16/ Ps 89: 1-2. 3-4. 26+28/ Lk 1: 67-79 |
| 25 Wed | St. Eugenia | Is 62: 11-12/ Ps 97: 1. 6. 11-12/ Tit 3: 4-7/ Lk 2: 15-20. |
| 26 Thu | St. Stephen | Act 6: 8-10; 7: 54-59/ Ps 31: 3cd-4. 6 and 8ab. 16bc and 17/ Mt 10: 17-22 |
| 27 Fri | St. John the Apostle | 1 Jn 1: 1-4/ Ps 97: 1-2. 5-6. 11-12/ Jn 20: 1a and 2-8 |
| 28 Sat | St. Anthony the Hermit | 1 Jn 1: 5 -- 2: 2/ Ps 124: 2-3. 4-5. 7b-8/ Mt 2: 13-18 |



Sunday
**വെർബും ദോമിനി**യുടെ
**പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം**
**താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ**

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.